**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3453** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ആനുകൂല്യം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഏതൊക്കെ വിളകൾക്കാണ് ആനുകൂല്യം ലഭിക്കുക, വ്യക്തമാക്കാമോ; | (എ) | 22.03.2017ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ സ.ഉ. (കൈ)നം.1192/2017/ കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ 2 വിളകൾക്കും കൂടി ചേർത്ത് ആകെ 27 വിളകൾക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ, കടലാക്രമണം, കൊടുങ്കാറ്റ് എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27.10.2017ൽ സ.ഉ. (സാധാ) നം.1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെനെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28.12.2017ലെ സ.ഉ.(കൈ) നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഹ്രസ്വ/ വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12.12.2018 തീയതിയിലെ സ.ഉ.(സാധാ)നം.1198/2018/കൃഷി നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷിയ്ക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| (ബി) | പദ്ധതിയിൽ ഉൾപ്പെടാൻ അപേക്ഷ സമർപ്പിക്കേണ്ട വിധം, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിനായി കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS (Agriculture Information and Management System) മുഖേന അപേക്ഷിക്കാവുന്നതാണ്. പോർട്ടലിൽ കർഷകനായി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി IDയും Passwordഉം ലഭിച്ചതിനുശേഷം കൃഷി ചെയ്യുന്ന വിളയുടെയും, കൃഷി ഭൂമിയുടെയും വിവരങ്ങളും അനുബന്ധ രേഖകളും പോർട്ടലിലേയ്ക്ക് നൽകേണ്ടതാണ് (Upload ചെയ്യണം). ആയതിനുശേഷം സംസ്ഥാന സർക്കാരിന്റെ പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതി എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സമർപ്പിച്ച അപേക്ഷകൾ കൃഷിഭവൻ തലത്തിൽ ഉദ്യോഗസ്ഥർ പരിശോധിച്ച് Approve ചെയ്യുന്ന മുറയ്ക്ക് കർഷകന് രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ സന്ദേശം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക ഒടുക്കി ചെല്ലാൻ upload ചെയ്യണം. അതിനുശേഷം കൃഷി ഓഫീസർ, ജില്ലാ കൃഷി ഓഫീസർ എന്നിവരുടെ പരിശോധനകൾക്ക് ശേഷം പോളിസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. Google Play Store-ൽ ലഭ്യമായിട്ടുള്ള AIMS Mobile Application വഴിയും |

| | | | |
|---|---|---|---|
| | | | ഇതേ രീതിയിൽ വിള ഇൻഷ്വറൻസിന് വേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. വിളനാശമുണ്ടാകുന്ന പക്ഷം AIMS പോർട്ടലിലെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വിളകൾ | നഷ്ടപരിഹാര തുക |
|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | ഒരു മരത്തിന് ₹ 1,000 |
| 4 | കശുമാവ് | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ & കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | (എ) കലയ്ക്കാത്തതിന് ₹ 150<br>(ബി) കലയ്ക്കാത്തതിന് ₹ 100<br>(സി) കലയ്ക്കാത്തതിന് ₹ 50<br>(എ) കലച്ചതിന് ₹ 300<br>(ബി) കലച്ചതിന് ₹ 200<br>(സി) കലച്ചതിന് ₹ 75 |
| 6 | മരച്ചീനി | ഹെക്ടർ ഒന്നിന് ₹ 10,000 |
| 7 | കൈതച്ചക്ക | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | ഹെക്ടർ ഒന്നിന് ₹ 60,000 |
| 10 | ഇഞ്ചി | ഹെക്ടർ ഒന്നിന് ₹ 80,000 |
| 11 | മഞ്ഞൾ | ഹെക്ടർ ഒന്നിന് ₹ 60,000 |
| 12 | കാപ്പി | ഒരു മരത്തിന് ₹ 350 |
| 13 | തേയില | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| 14 | കൊക്കോ | ഒരു മരത്തിന് ₹ 300 |
| 15 | നിലക്കടല | ഹെക്ടർ ഒന്നിന് ₹ 12,000 |
| 16 | എള്ള് | ഹെക്ടർ ഒന്നിന് ₹ 12,500 |
| 17 | പച്ചക്കറി<br>(പന്തലുള്ളവയും, പന്തലില്ലാത്തവയും) | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹25,000<br>പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | ₹ 1,000 ഒരു മരത്തിന് |
| 20 | വെറ്റില | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ<br>(ചേന, മധുരക്കിഴങ്ങ്) | ചേന ഹെക്ടറിന് ₹ 35,000<br>മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| 23 | കരിമ്പ് | ഹെക്ടറൊന്നിന് ₹ 50,000 |

Scanned with CamScanner

| | | |
|---|---|---|
| 24 | പുകയില | ഹെക്ടറൊന്നിന് ₹ 20,000 |
| 25 | നെല്ല് | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000.<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കൂവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| 27 | മാവ് | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1000.<br>10 വർഷത്തിനുമേൽ പ്രായമുള്ളതിന് - 1 മരത്തിന് ₹ 2000 |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner